I/5229075/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം.അറ്റ-1/7/2022-ആഭ്യന്തരം
ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 04-04-2022

## സർക്കുലർ

വിഷയം:- ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ് - വിദേശ രാജ്യങ്ങളിലേക്കുള്ള അറ്റസ്റ്റേഷൻ സേവനങ്ങൾ - മരണാനന്തര ആനുകൂല്യം കൈപ്പറ്റുന്നതിനുള്ള പവർ ഓഫ് അറ്റോർണികളിൽ മൈനറായുള്ള കുട്ടികൾക്ക് വേണ്ടി ഒപ്പിടുന്നത് - നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:- 28/05/2021-തീയതിയിലെ അറ്റ-1/38/2020-ആഭ്യന്തരം നമ്പർ പരിപത്രം.

വിദേശരാജ്യങ്ങളിലെ ആവശ്യാർത്ഥം വിവിധ സർട്ടിഫിക്കറ്റുകൾ / രേഖകൾ പൊതുജനങ്ങൾക്ക് നേരിട്ട് സാക്ഷ്യപ്പെടുത്തി നൽകുന്ന കാര്യത്തിൽ സൂചനയിലെ പരിപത്രം പ്രകാരം സർക്കാർ പരിഷ്കരിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് . മേൽ പരിപത്രത്തിലെ ഇനം (എച്ച്) ൽ വിദേശത്തു നിന്ന് മരണാനന്തര പ്രതിഫലം ലഭിക്കേണ്ട കേസുകളിൽ മുക്ത്യാർ / സത്യവാങ്മൂലം സാക്ഷ്യപ്പെടുത്താൻ അവകാശ/പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിന്റെ അസ്സലോ ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഹാജരാക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട് . ഇപ്രകാരം ഹാജരാക്കുന്ന പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിൽ മൈനറായുള്ള കുട്ടികൾ ഉൾപ്പെട്ടിട്ടുള്ള പക്ഷം അവർക്കു വേണ്ടി പവർ ഓഫ് അറ്റോർണികളിൽ ഒപ്പിടേണ്ടത് നിയമപ്രകാരമുള്ള അവകാശികളാണ്. ചില പ്രത്യേക സാഹചര്യങ്ങളിൽ മരണാനന്തര ആനുകൂല്യത്തിനായി പവർ ഓഫ് അറ്റോർണികളിൽ മൈനറായുള്ള കുട്ടികൾക്ക് വേണ്ടി ഒപ്പിടുന്നതിൽ തർക്കം വരാറുണ്ട് .

2. മേൽ സാഹചര്യത്തിൽ സൂചനയിലെ പരിപത്രത്തിലെ ഇനം (എച്ച്) ൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ കൂടി ചേർത്ത് പരിഷ്കരിച്ച് ഉത്തരവാകുന്നു .

*" നിയമപ്രകാരമുള്ള മരണാനന്തര ആനുകൂല്യം കൈപ്പറ്റുന്നതിനായി തയ്യാറാക്കുന്ന മുക്ത്യാറുകളിൽ ( power of attorney ) (i) മൈനറായ കുട്ടികൾക്കു വേണ്ടി ഒപ്പ് വെയ്ക്കുന്നതിന് മാതാപിതാക്കൾ ഇല്ലാതിരിക്കുകയും (അതായത് മാതാപിതാക്കൾ 2 പേരും മരണപ്പെട്ട് പോയവർ) അല്ലെങ്കിൽ (2) മൈനറുടെ മതാപിതാക്കളിൽ ഒരാൾ നഷ്ടപ്പെടുകയും മറ്റെയാൾ നിയമപ്രകാരം വിവാഹ മോചിതനോ/വിവാഹ മോചിതയോ ആവുകയോ, പുനർ വിവാഹം ചെയ്യുകയോ, അല്ലെങ്കിൽ മരണപ്പെട്ട മുൻ പങ്കാളിയുടെ സ്വത്തിൽ അവകാശം ഇല്ലാതാവുകയോ (അതായത് മുൻ പങ്കാളിയുടെ legal heir ship certificate-ൽ പേരില്ലാത്തവർ) ചെയ്യുന്ന സന്ദർഭങ്ങളിൽ, പവർ ഓഫ് അറ്റോർണികളിൽ മൈനറായുള്ള കുട്ടികൾക്ക് വേണ്ടി ഒപ്പിടുന്നവർ നിയമ പ്രകാരം അഡിഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് (ഡെപ്യൂട്ടി കളക്ടർ) നൽകുന്ന ലീഗൽ ഗാർഡിയൻഷിപ്പ് സർട്ടിഫിക്കറ്റ് (legal guardianship certificate) ഹാജരാക്കുകയോ കോടതി മുഖാന്തിരം കുട്ടിയുടെ സംരക്ഷണം നല്കപ്പെട്ടിട്ടുള്ളതിന്റെ ഉത്തരവ് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. "*

3. മേൽ ഭേദഗതികളോടെ സൂചനയിലെ സർക്കുലർ നിലനിൽക്കുന്നതാണ്.

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ.

SUBHASH R
JOINT SECRETARY

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും.എല്ലാ വകുപ്പ് മേധാവികൾക്കും (എല്ലാ ജില്ലാ ഓഫീസർമാർക്കും അറിയിപ്പ് നൽകുന്നതിന്)
സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, I & PRD, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് : ബഹു മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്/പ്രൈവറ്റ് സെക്രട്ടറിക്ക്.
ആഭ്യന്തര വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സ്.